(സി) പ്രസ്തുത പദ്ധതിയുടെ ആരംഭത്തിൽ ഇതിന്റെ പൂർത്തീകരണത്തിന് എന്തുതുകയാണ് മൊത്തം അടങ്കലായി കണക്കാക്കിയിരുന്നത് ;

(ഡി) ഇതുവരെ പ്രസ്തുത പദ്ധതിക്കായി എന്തു തുക ചെലവഴിച്ചു ;

(ഇ) പുതുക്കിയ എസ്റ്റിമേറ്റനുസരിച്ച് ആകെ എത്ര കോടി പദ്ധതി പൂർത്തീകരണത്തിനായി ചെലവഴിക്കേണ്ടിവരുമെന്ന് വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത പദ്ധതി 2010-ൽ പൂർണ്ണമായും കമ്മീഷൻ ചെയ്യാൻ കഴിയും എന്ന് പ്രഖ്യാപിച്ചിരുന്നുവോ ;

(ജി) ഈ വർഷം എപ്പോൾ പ്രസ്തുത പദ്ധതി പൂർണ്ണമായി പ്രവർത്തന സജ്ജമാകുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 1974-ൽ തുടങ്ങി.

(ബി) 2011 മാർച്ച് മാസത്തോടെ പൂർണ്ണമായും പ്രവർത്തന സജ്ജമാകുമെന്ന് കരുതുന്നു.

(സി) 1980 എസ്. ഒ. ആർ. അനുസരിച്ച് 48.08 കോടിരൂപയാണ് അടങ്കലായി കണക്കാക്കിയിരുന്നത്.

(ഡി) 2010 മാർച്ചുവരെ 744.58 കോടി രൂപ ചെലവഴിച്ചു.

(ഇ) 841 കോടി രൂപയാണ് പുതുക്കിയ എസ്റ്റിമേറ്റ് തുക. അധികമായി 96.42 കോടി രൂപ കൂടി ചെലവഴിക്കേണ്ടിവരുമെന്ന് കരുതുന്നു.

(എഫ്) 2010 മാർച്ചിൽ പദ്ധതി പൂർത്തിയാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു.

(ജി) 2011 മാർച്ചിൽ പൂർണ്ണമായും കമ്മീഷൻ ചെയ്ത് പ്രവർത്തനക്ഷമമാക്കാനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്.

അമ്പനാവിള സുജലധാര പദ്ധതി

103 (4993) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽപ്പെട്ട കാരോട് പഞ്ചായത്തിലെ അമ്പനാവിള സുജലധാര പദ്ധതി എന്നാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പ് സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കാമോ ;

(സി) പ്രവൃത്തി സമയബന്ധിതമായി തീർക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) കരാർ വ്യവസ്ഥ പ്രകാരം എന്നാണ് പ്രസ്തുത പ്രവൃത്തി തീർക്കേണ്ടിയിരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) നാളിതുവരെയായി പ്രസ്തുത പ്രവൃത്തിക്ക് എത്ര രൂപ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പാറശ്ശാല മണ്ഡലത്തിൽപ്പെട്ട കാരോട് പഞ്ചായത്തിലെ അമ്പനാവിള സ്വജലധാര പദ്ധതി 5/2008-ൽ ആണ് ആരംഭിച്ചത്.

(ബി) സ്വജലധാര പദ്ധതിയുടെ മാർഗ്ഗനിർദ്ദേശം അനുസരിച്ച് പദ്ധതിയുടെ ഗുണഭോക്താക്കൾ രൂപീകരിക്കുന്ന ജനകീയ കമ്മിറ്റിക്കാണ് പദ്ധതിയുടെ നിർമ്മാണ ചുമതല. പദ്ധതിയുടെ നിർമ്മാണത്തിന്റെ മേൽനോട്ടം വഹിക്കുന്നത് സ്ഥലത്തെ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരാണ്. കൂടാതെ പദ്ധതിയുടെ പുരോഗതി വിലയിരുത്തി നിർമ്മാണ പുരോഗതിക്കനുസരിച്ച് ആവശ്യമായ കേന്ദ്രസഹായം ലഭ്യമാക്കുന്നതും വാട്ടർ അതോറിറ്റി വഴിയാണ്.

(സി) പദ്ധതിയുടെ നിബന്ധനയനുസരിച്ച് ഗുണഭോക്തൃസമിതിയാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്. എന്നാൽ സമിതി, പ്രവൃത്തിക്കുള്ള നിരക്ക് കുറവാണെന്ന കാരണത്താൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് വിമുഖത കാണിച്ചു വരുന്നതിനാൽ സമയബന്ധിതമായി പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടില്ല. 2007-ലെ മാർക്കറ്റ് റേറ്റ് അനുസരിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. തൻമൂലം അന്നത്തെ മാർക്കറ്റ് റേറ്റിൽ സാധനങ്ങൾ ലഭ്യമാകാത്തത് പ്രവൃത്തിയുടെ മുന്നേറ്റത്തിന് പ്രതികൂലമാകുന്നുവെന്ന് സമിതി അഭിപ്രായപ്പെട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ കിണറിന്റെ പ്രവൃത്തിയും 2 ടാങ്കുകൾ ഉള്ളതിൽ ഒരെണ്ണത്തിന്റെയും ഈ ടാങ്കിലേയ്ക്കുള്ള പമ്പിംഗ് മെയിൻ, വിതരണ കുഴലുകൾ എന്നിവയുടെ പണികളും പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള ഒരു ടാങ്കിന്റെയും പമ്പിംഗ് മെയിൻ, വിതരണകുഴലുകൾ, പമ്പുഹൗസ് നിർമ്മാണം, പമ്പ്സെറ്റ് സ്ഥാപിക്കൽ, ഇലക്ട്രിഫിക്കേഷൻ ജോലികൾ എന്നിവയും പൂർത്തിയാക്കാനുണ്ട്.

(ഡി) കരാർ വ്യവസ്ഥ പ്രകാരം പ്രസ്തുത പ്രവൃത്തി 31-10-2008-ന് മുമ്പ് പൂർത്തിയാക്കേണ്ടതായിരുന്നു.

(ഇ) പ്രസ്തുത പ്രവൃത്തിക്ക് നാളിതുവരെ 16.2 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

മണലൂർ നിയോജകമണ്ഡലത്തിലെ പടിയം, വള്ളൂർ ജലസേചന പദ്ധതികൾ

104 (4994) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിൽപ്പെട്ട അന്തിക്കാട് പഞ്ചായത്തിലെ പടിയം, വള്ളൂർ ജലസേചന പദ്ധതികളുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പദ്ധതികൾക്കായി ഇതുവരെ എത്ര തുക ചെലവഴിച്ചു ;

(സി) എത്രമാത്രം ജോലികളാണ് പൂർത്തിയാക്കിയതെന്നറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly